"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആയുഷ് വകുപ്പ് - ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലെ കണ്ണൂർ ജില്ലയിലെ പിണറായി സർക്കാർ ആയുർവേദ ഡിസ്പെൻസറി ആശുപത്രിയായി ഉയർത്തുന്നതിന് നാലാംഘട്ട നിർമ്മാണ പ്രവർത്തിക്കൾക്കായുള്ള എസ്റ്റിമേറ്റ് അംഗീകരിച്ച് പ്രവൃത്തിയ്ക്ക് 4210-02-103-94-Construction works under ISM എന്ന ശീർഷകത്തിൽ ഭരണാനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആയുഷ് (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.231/2024/AYUSH തീയതി,തിരുവനന്തപുരം, 25-06-2024

പരാമർശം:-

1. ജി.ഒ (ആർ.റ്റി) നം.317/2019/ആയുഷ് തീയതി 28/05/2019
2. ജി.ഒ (ആർ.റ്റി) നം.430/2021/ആയുഷ് തീയതി 05/11/2021
3. ജി.ഒ (ആർ.റ്റി) നം. 299/2022/ആയുഷ് തീയതി 03/07/2022
4. ചീഫ് എഞ്ചിനീയർ പൊതുമരാമത്ത് കെട്ടിട വിഭാഗം ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ച 22/10/2023ലെ CE/BL/PL3/KNR/13517/2023 നമ്പർ കത്ത്.
5. ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ 20/11/2023ലെ 1818/2022/ബി2 നം. കത്ത്

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ പിണറായി സർക്കാർ ആയുർവേദ ഡിസ്പെൻസറി ആശുപത്രിയായി ഉയർത്തുന്നതിനോടനുബന്ധിച്ച് പരാമർശം (1) മുതൽ (3) വരെയുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആകെ 375 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ടി ഫണ്ടുകൾ ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരികയാണെന്നും ഒന്നാം നിലയുടെ ശേഷിക്കുന്ന പ്രവർത്തികൾ പൂർത്തീകരിക്കുന്നതിന് 83.60 ലക്ഷം രൂപ കൂടി ആവശ്യമാണെന്നറിയിച്ച് ആയതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിയ്ക്കായി പരാമർശം (4) പ്രകാരം പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ, ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർക്ക് ശിപാർശ നൽകി.

2) 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ടി പ്രവൃത്തിക്ക് ഫണ്ട് വകകൊള്ളിച്ചിട്ടില്ലെന്നും, എന്നാൽ 2023-24 സാമ്പത്തിക വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II (പ്രവൃത്തികളുടെ വിശദവിവരങ്ങൾ) വാല്യം II ൽ (ഭരണാനുമതിയില്ലാത്ത പ്രവൃത്തികൾ) പേജ് നം.133 ൽ സീരിയൽ നമ്പർ 2029ൽ അടങ്കൽ തുകയായ 300 ലക്ഷം രൂപയിൽ ടോക്കൺ പ്രൊവിഷനായി 100 രൂപ വകയിരുത്തിയിട്ടുണ്ടെന്നും അറിയിച്ചുകൊണ്ടും, പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണത്തിന് മേൽ പറഞ്ഞ തുക അത്യാവശ്യമാണെന്നും, ആയതിനാൽ പ്രസ്തുത എസ്റ്റിമേറ്റ് അംഗീകരിച്ച് ഭരണാനുമതിയും ഫണ്ടും അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (5) പ്രകാരം ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ സർക്കാരിനോട് ശിപാർശ ചെയ്തു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ലയിലെ പിണറായി സർക്കാർ ആയുർവേദ ഡിസ്പെൻസറി ആശുപത്രിയായി ഉയർത്തുന്ന പദ്ധതിയുടെ ശേഷിക്കുന്ന പ്രവൃത്തികൾ നാലാം ഘട്ടമായി പൂർത്തീകരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ച 83.60 ലക്ഷം രൂപയുടെ

എസ്റ്റിമേറ്റ് അംഗീകരിച്ച് 4210-02-103-94-Construction works under ISM എന്ന ശീർഷകത്തിൽ ചെലവ് വഹിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. കൂടാതെ, നടപ്പ സാമ്പത്തിക വർഷം മേൽ ശീർഷകത്തിൽ വകയിരുത്തിയ ബജറ്റ് തുകയ്ക്ക് വിനിയോഗാനുമതി നൽകുന്ന സന്ദർഭത്തിൽ 83.60ലക്ഷം രൂപ കുറവ് ചെയ്ത് ബാക്കി തുകയ്ക്ക് മാത്രമേ അനുമതി നൽകുന്നുള്ളൂവെന്ന് ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ ഉറപ്പുവരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SEEMA S

ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ എ&ഇ), കേരള, തിരുവനന്തപുരം.
മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് (കെട്ടിട വിഭാഗം) തിരുവനന്തപുരം
ധനകാര്യ (ഹെൽത്ത്-എ) വകുപ്പ്. (No.2632629/HLT-A3/174/2023-FIN പ്രകാരം)
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.
വിവര പൊതുജനസമ്പർക്ക (വെബ്&ന്യൂമീഡിയ) വകുപ്പ്, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Namitha T
Date: 25-06-2024 14:15:01
സെക്ഷൻ ഓഫീസർ